LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വാറ്റ് നികുതി സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016 ജൂലൈയിലെ (ഒരു മാസത്തെ മാത്രം) സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ വരുമാനം 2593.21 കോടി രൂപ ആയിരുന്നു. 1-07-2017 മുതൽ ജി.എസ്.ടി. നടപ്പിലായതിനുശേഷം റിട്ടേൺ ഒന്നും ഫയൽ ചെയ്തിട്ടില്ല. 2017 ആഗസ്റ്റ് 20 മുതൽ മാത്രമേ ജി.എസ്.ടി.-യുടെ റിട്ടേൺ ഫയൽ ചെയ്യുകയുള്ളൂ. ആയതുകൊണ്ട് 2017 ജൂലൈ മാസത്തെ ജി.എസ്.ടി. വരുമാനം എത്രയാണെന്ന് ജൂലൈ മാസത്തെ റിട്ടേൺ ഫയൽ ചെയ്തതിനുശേഷം മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

**വാറ്റ് നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ**

124 (488) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നികുതി സമ്പ്രദായത്തിൽ, സേവന നികുതികൾ പിരിച്ചെടുക്കുന്നതിന് സംസ്ഥാന വാണിജ്യ നികുതി വകുപ്പിനോ മറ്റേതെങ്കിലും സംസ്ഥാന ഗവൺമെന്റ് ഏജൻസിക്കോ അധികാരം ഉണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കുമോ;

(ബി) വാറ്റ് നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള അധികാരം ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരുന്നത്;

(സി) ചരക്ക സേവന നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനും സേവന നികുതി സംബന്ധമായ കണക്കുകൾ പരിശോധിക്കുന്നതിനും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ചുമതലാവിഭജനം എങ്ങനെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നില്ല.

(ബി) ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് സേവന നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനായിരുന്നു. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് ആണ് ഇത് നിർവ്വഹിച്ചിരുന്നത്.

(സി) ചരക്ക സേവന നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനും സേവന നികുതി സംബന്ധമായ കണക്കുകൾ പരിശോധിക്കുന്നതിനും കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും അധികാരമുണ്ട്. ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്തം ഫയലുകളിൽ ഒന്നര കോടി വരെയുള്ള വിറ്റുവരവുകൾ സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന-കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിന് മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്.